പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. T 3293 | 13.03.2017 -ൽ മറുപടിക്ക്

## ചരിത്ര സ്മാരകങ്ങളും പുരാവസ്തുക്കളും സംരക്ഷിക്കുവാൻ പദ്ധതി

ചോദ്യം

ശ്രീ.പുരുഷൻ കടലുണ്ടി
ശ്രീ. സി.കെ.ഹരീന്ദ്രൻ
ശ്രീമതി. യു.പ്രതിഭ ഹരി
ശ്രീ.എ. പ്രദീപ്കുമാർ

ഉത്തരം

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
(ബഹു.തുറമുഖവും പുരാവസ്തു സംരക്ഷണവും മ്യൂസിയവും പുരാരേഖയും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | പുരാവസ്തു വകുപ്പിന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാറുണ്ടോ ; | (എ) | ഉണ്ട്. സംസ്ഥാനത്തിന്റെ സമ്പന്നമായ സാംസ്കാരിക പാരമ്പര്യത്തെ വിളിച്ചോതുന്ന പുരാവസ്തുക്കളുടെയും നിർമ്മിതികളുടെയും സംരക്ഷണവും പഠനവുമാണ് പുരാവസ്തു വകുപ്പിന്റെ മുഖ്യ ചുമതലകൾ. പൊതുജനങ്ങൾക്ക് നമ്മുടെ സാംസ്കാരിക പാരമ്പര്യത്തെക്കുറിച്ച് മനസ്സിലാക്കാനും ബന്ധപ്പെട്ട ദൃശ്യങ്ങൾ കാണാനുമായി പുരാവശിഷ്ടങ്ങൾ പ്രദർശിപ്പിച്ചിട്ടുള്ള മ്യൂസിയങ്ങളും പുരാവസ്തു വകുപ്പ് തയ്യാറാക്കി പരിപാലിച്ചു വരുന്നു. നിലവിലുള്ള സംരക്ഷിത സ്മാരകങ്ങളുടെ സംരക്ഷണം, നിലവിലുള്ള മ്യൂസിയങ്ങളുടെ സംരക്ഷണവും നവീകരണവും, ജില്ലാ പൈതൃക മ്യൂസിയം സ്ഥാപിക്കുന്നതിനുള്ള നടപടികൾ എന്നിവ സമയബന്ധിതമായി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ചരിത്ര സ്മാരകങ്ങളും പുരാവസ്തുക്കളും സംരക്ഷിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (ബി) | സംരക്ഷിത സ്മാരകങ്ങളുടെ രാസസംരക്ഷണം സ്ട്രക്ച്ചറൽ കൺസർവേഷൻ, ഡോക്യുമെന്റേഷൻ തുടങ്ങിയ പ്രവർത്തനങ്ങളാണ് പുരാവസ്തു വകുപ്പ് പ്രധാനമായും ഏറ്റെടുത്ത് നടത്തി വരുന്നത്. പത്മനാഭപുരം കൊട്ടാരം, വയനാട് എടയ്ക്കൽ ഗുഹ എന്നിവ യുനെസ്കോയുടെ പൈതൃക പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികളും വകുപ്പ് സ്വീകരിച്ച് വരുന്നു. |

| | | | |
|---|---|---|---|
| (സി) | പുരാവസ്തു വകുപ്പ് സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ച സ്മാരകങ്ങൾ നാശോന്മുഖമായിക്കൊണ്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) | അടിയന്തിര സംരക്ഷണ നൽകേണ്ട സ്മാരകങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) | സാംസ്കാരിക പൈതൃകത്തിന്റെ അമൂല്യ സൂക്ഷിപ്പുകൾ വരും തലമുറയ്ക്കായി കരുതി വെയ്ക്കുന്നതിനായി പ്രത്യേക ശ്രദ്ധ നൽകുമോ ; | (ഡി) | ശ്രദ്ധ നൽകുന്നതാണ്. |
| (ഇ) | നശിച്ചു കഴിഞ്ഞാൽ ഒരിക്കലും വീണ്ടെടുക്കാൻ സാധിക്കാത്ത പൈതൃക ശേഷിപ്പുകളും സാംസ്കാരിക അടയാളങ്ങളും നശിച്ചുകൊണ്ടിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ഇ) യും (എഫ്) യും | അടിയന്തിര സംരക്ഷണം ആവശ്യമായവ സംരക്ഷിച്ച് നിലനിർത്തുന്നതിനുള്ള നടപടി യഥാസമയം പുരാവസ്തു വകുപ്പ് സ്വീകരിച്ച് വരുന്നുണ്ട്. |
| (എഫ്) | എങ്കിൽ ഇത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ? | | |

**സെക്ഷൻ ഓഫീസർ**